പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2170 12.02.2013 - ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിലെ നാൽപ്പാടി വാസു വധക്കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ നാൽപ്പാടി വാസു വധക്കേസ് പുനരന്വേഷിക്കേണ്ടതില്ലെന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ;<br><br>(ബി) എങ്കിൽ, കാരണം വിശദമാക്കാമോ;<br><br>(സി) ഈ കേസിൽ പുനരന്വേഷണം നടത്തുന്നുണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ), (ബി) & (സി) നാല്പാടി വാസു വധക്കേസ് പുനരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സഹോദരൻ മുമ്പ് സമർപ്പിച്ച നിവേദനം പരിശോധിക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശയിന്മേൽ കേസ് പുനരന്വേഷണം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയത് പ്രകാരം 31.01.1997 മുതൽ സി.ബി.സി.ഐ.ഡി. കണ്ണൂർ യൂണിറ്റിൽ അന്വേഷണം നടത്തി ശ്രീ. കെ. സുധാകരനെ 12-ാം പ്രതിയാക്കി ചേർത്തുകൊണ്ട് അന്വേഷണം നടത്തി കുറ്റപത്രം മട്ടന്നൂർ കോടതി മുമ്പാകെ സമർപ്പിക്കുകയും തുടർന്ന് ടി കേസ് തലശ്ശേരിയിലേക്ക് കമ്മിറ്റ് ചെയ്യുകയും ചെയ്തിരുന്നു. 22.01.2000-ൽ അഡീ. സെഷൻസ് കോടതി 12 പ്രതികളെയും വെറുതെ വിട്ടുകൊണ്ട് ഉത്തരവാകുകയും അതിനെതിരെ വാദിഭാഗം ബഹു: ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. 31.01.2006ൽ കീഴ്ക്കോടതി ഉത്തരവ് ശരിവച്ചു കൊണ്ട് ബഹു: ഹൈക്കോടതി ഉത്തരവായിരുന്നു. |

ഹൈക്കോടതി വിധിക്കെതിരെ ബഹു: സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കു- ന്നതിന് സ്കോപ്പ് ഇല്ലെന്ന് നിയമോപദേശം ലഭിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നൽപ്പാടി വാസു വധക്കേസിൽ പുനരന്വേഷണത്തിന് സാധ്യത ഇല്ലെന്ന് 18.10.2012 ലെ സർക്കാർ കത്തു പ്രകാരം ശ്രീ. നാല്പാടി രാജനെ അറിയിക്കുകയാണുണ്ടായത്.

സെക്ഷൻ ഓഫീസർ